## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1476** **14/06/2013-ലെ മറുപടിയ്ക്ക്**

**ആർ.കെ.വി. പദ്ധതി പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഗീതാ ഗോപി** | **ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) ആർ.കെ.വി.വൈ പ്രകാരം സംസ്ഥാനത്തു നടന്നുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | എ) ആർ.കെ.വി.വൈയിൽ വിഭാവനം ചെയ്തിട്ടുള്ള 4% വാർഷിക വളർച്ചാ നിരക്ക് കൈവരിക്കുവാൻ കൃഷി വകുപ്പും, കാർഷിക സർവ്വകലാശാലയും, പൊതുമേഖലാ സ്ഥാപനങ്ങളും കാർഷിക വിളകളുടെ ഉല്പാദന വർദ്ധനവിനുള്ളതും അടിസ്ഥാന സൗകര്യവികസനത്തിനുള്ളതും കാർഷിക യന്ത്രവത്കരണത്തിനുള്ളതുമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങളും പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും,ഫിഷറീസ് വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങളും മത്സ്യവും അലങ്കാരമത്സ്യവും വർദ്ധിപ്പിക്കുന്നതിനും കുളങ്ങളും അടിസ്ഥാന സൗകര്യങ്ങൾ കൂട്ടുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. |
| ബി) ഈ പദ്ധതിപ്രകാരം പച്ചക്കറി മത്സ്യവിഭവങ്ങളുടെ ഉല്പാദന വർദ്ധനവുമായി ബന്ധപ്പെടുത്തി എന്തെല്ലാം പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | ബി) ആർ.കെ.വിവൈ പദ്ധതി പ്രകാരം പച്ചക്കറി മത്സ്യവിഭവങ്ങളുടെ ഉല്പാദന വർദ്ധനവുമായി ബന്ധപ്പെടുത്തി കൃഷി വകുപ്പ്, എസ്എച്ച്എം, വിഎഫ്പിസികെ, ഫിഷറീസ്, മത്സ്യഫെഡ്, അഡാക്ക് എന്നീ സ്ഥാപനങ്ങൾ വഴി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| സി) ഈ പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ എന്തെങ്കിലും പ്രായോഗിക പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ 4308.67 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വിഎഫ്പിസികെ, കെയ്കൊ, കെ.എസ്.പി.ഡി.സി, അഡാക്ക് എന്നീ ഏജൻസികൾ മുഖാന്തിരമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**